STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.314/PR/SPMC/PHQ/2021 Date:19.07.2021

---

**പോലീസ് സ്റ്റേഷനുകളിലെ പി.ആർ.ഒ സംവിധാനം**

**കൂടുതൽ ഫലപ്രദമാക്കാൻ നിർദ്ദേശം**

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ പബ്ലിക് റിലേഷൻസ് ഓഫീസർ സമ്പ്രദായം കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ നടപടി സ്വീകരിക്കും. ഈ സംവിധാനം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ ക്രമീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകി.

പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒമാരുടെ നിയമനം സംബന്ധിച്ച് 2019 ൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണം. പി.ആർ.ഒമാരായി നിയോഗിക്കപ്പെടുന്നവരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്ന പ്രവണത കണ്ടുവരുന്നതായി അദ്ദേഹം പറഞ്ഞു. പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പരാതിക്കാർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കാൻ പി.ആർ.ഒയ്ക്ക് കഴിയുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

*****************